# MAR THOMA RESIDENTIAL SCHOOL,TIRUVALLA

## SECOND TERMINAL EXAMINATION –DECEMBER 2019

STD VII MALAYALAM Time:2hrs

Marks:70

I.അർത്ഥം എഴുതുക 3

1. പുലരി 2. അതിഥി 3. ആഹ്ലാദം
4. വിഘ്നം 5. കിഞ്ചിൽ 6. തിലകം

II.പര്യായം എഴുതുക 5

1. മുഖം 2. ഭൂമി 3. ഉപ്പ്
4. തല 5. പല്ല്

III.പിരിച്ചെഴുതുക 2

1. മറ്റാരാണ് 2.വിരിഞ്ഞില്ല
3. കാലമാണല്ലോ 4. പുലരിക്കാറ്റ്

IV വിപരീതം എഴുതുക 2

1. അടിമ 2. നഷ്ടം
3 .സമത്വം 4. വിഘ്നം

V.വിഗ്രഹിക്കുക 5

1. പുലരിക്കാറ്റ് 2. രൂപഗുണം 3. തിലകക്കുറി
4. അന്ധവിശ്വാസം 5. കാക്കക്കണ്ണ്

VI.അർത്ഥവ്യത്യാസം എഴുതുക 2

1. ശാസ്ത്രം – ശസ്ത്രം

2. ചേർച്ച - ചാർച്ച

VII.വാക്യത്തിൽ പ്രയോഗിക്കുക 2

1. കാലുവാരുക 2. അണിനിരത്തുക

VIII.തെറ്റുതിരുത്തുക 2

1. മൂടൽ 2.മേഘല
3.ആയുദം 4.ഐശ്യരം

IX. പാഠപുസ്തകത്തിലെപ്പോലെ പദ്യം പൂരിപ്പിക്കുക 4

അതുതന്നെ ------------------------കണ്ണീർകണം.

X. ഒരു വാചകത്തിൽ ഉത്തരമെഴുതുക 10

1. ഏതെല്ലാം കറികളാണ് വീട്ടുകാർ വലിച്ചെറിഞ്ഞത്?

2. 'ഈ രണ്ടിലയുടെ നടുവിലാൺ' വി.ടി. മൊട്ടിട്ടു വിരിഞ്ഞത്'? ആരെല്ലാമാണ് രണ്ടില

3. ചേർച്ചകൾ പലതുണ്ടെങ്കിലും ഒരുവന്റെ ദോഷം എന്താണ്?

4.5. തിലകക്കു റിയും ചൊടിയും ഉള്ളവന്റെ കുറവ് എന്തായിരന്ന?

6. കരിമുകിൽപ്പെൺകൊടി പോയത് എങ്ങനെയാണ്?

6. അരുവിയിലോളങ്ങളോട്ടമാകും എപ്പോൾ?

7.'ഗാത്രം കണ്ടാലയ്യോ വികൃതം ആരുടെ?

8. തുള്ളലുകൾ എത്രവിധം? ഏതെല്ലാം?

9."എങ്കിലും നിരാശതയും നഷ്ടവും തോന്നുന്നില്ല" വി.ടി. അങ്ങ്നെ പറയാൻ കാരണ

10. വി.ടി.ക്ക് കൂടുതൽ വേഗത്തിൽ പറക്കാനായത് എപ്പോൾ?

XI. നാലോ അഞ്ചോ വാചകത്തിൽ ഉത്തരമെഴുതുക

1. യഥാസ്ഥിതികത്വം വി.ടി. യുടെ നേർക്ക് കണ്ണുരുട്ടുകയും കൈയോങ്ങുകയും ചെയ്തത് എന്തിന്?

2. വാസന്തിക്ക് വീട്ടിൽ വച്ചുണ്ടായ അനുഭവമെന്ത്?

3. " വിക്കുകൾക്കൊണ്ടതു പറവാൻ വഹിയ,

സൽക്കഥ വളരെയറിഞ്ഞൊരുദേഹം"

ആരെക്കുറിച്ചാണ് ഇങ്ങനെ പറഞ്ഞത്?വിക്കിനെ എങ്ങനെയാണ് കവിതയിൽ അവതിപ്പിച്ചിരിക്കുന്നത്?

4. 'പുതിയ കേരളത്തിന്റെ തച്ചൻ' എന്ന പാഠഭാഗത്തെ കാവ്യാത്മകമാക്കുന്ന വാക്യങ്ങ 3 എണ്ണം പാഠഭാഗത്തുനിന്നും എഴുതുക?

5. നമ്പ്യാർ കവിതയിലെ ലോകോക്തികൾ 2 എണ്ണം എഴുതുക?

6.തുള്ളലിന്റെ ഉദയവുമായി ബന്ധപ്പെട്ട ഐതീഹ്യം വിവരിക്കുക?

6. 'ഉപ്പ് ഒപ്പ്' ,ചന്ദനം രണ്ടു കവിതകളിലെയും ആശയം താരതമ്യം ചെയ്ത് എഴുതുക?

XII. തന്നിരിക്കുന്ന പാഠഭാഗം വായിച്ച് ചുവടെ ചേർത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക? 5

സ്വാർത്ഥതയും വിദ്വേഷവും സർവ്വത്ര കളിയാടുന്ന ഈ കാലഘട്ടത്തിൽ സ്നേഹത്തിന്റെ സന്ദേശമാണ് അടിയന്തിരമായി ആവശ്യമായിട്ടുള്ളത്. വ്യക്തികളും രാഷ്ട്രങ്ങളും വിവിധജാതികളും മതങ്ങളും വ്യത്യസ്ത ചിന്താഗതിക്കാരും തമ്മിൽ നടന്നുകൊണ്ടിരിക്കുന്ന പോരാട്ടങ്ങൾ മനുഷ്യനെ അധഃപ്പതിപ്പിക്കുകയാണ്. ജീവിതം തന്നെ ദുഃസ്സഹമായിരിക്കുന്ന അവസ്ഥയിലേക്കാണ് പോകുന്നത്. പരിമിതമായ നിലയിലാണെങ്കിലും സ്നേഹത്തിന്റെ സന്ദേശം പ്രചരിപ്പിക്കുവാൻ ശ്രമിക്കുന്നവർ ലോകസമാധാനം പടുത്തുയർത്തുന്നതിൽ അവരവരുടെ പങ്ക് വഹിക്കുകയാണ്. സ്നേഹം നിറഞ്ഞ വാക്കും ഭാവവും മറ്റുള്ളവർക്ക് സന്തോഷം നൽകും . അത്തരക്കാരുടെ എണ്ണം വർദ്ധിക്കുമ്പോൾ സമൂഹത്തിന്റെ അവസ്ഥ മാറും പ്രസന്ന ഭാവത്തിൽ പുഞ്ചിരി തൂകുന്ന ഒരാളെ സമീപിക്കുന്നത് സന്തോഷമായ അനുഭവമാണ്. നേരെമറിച്ച് കറുത്ത മുഖവും മനം മടുപ്പിക്കുന്ന നോട്ടവുമുള്ള ഓരാളിനെ സമീപിക്കുന്നതോ? ഒന്നുമില്ലെങ്കിലും അയാളിൽനിന്നു അകന്നു നില്ക്കുവാനാണ് നാം ഇഷ്ടപ്പെടുക.

1. ഈ കാലഘട്ടത്തിൽ അടിയന്തിരമായി ആവശ്യമുള്ളത് എന്താണ്? 1
2. ജീവിതം തന്നെ ദുഃസ്സഹമാക്കുന്ന അവസ്ഥയിലേക്ക് പോകാൻ കാരണമെന്ത്? 1
3. ലോകസമാധാനം പടുത്തുയർത്തുവാൻ ശ്രമിക്കുന്നത് ആരാണ്? 1
4. എങ്ങനെയുള്ളവരുടെ സാമീപ്യമാണ് നാം ഇഷ്ടപ്പെടുന്നത്? 1
5. ആരിൽനിന്നുമാണ് നാം അകന്നു നിൽക്കാൻ ആഗ്രഹിക്കുന്നത്? 1

XIII 'ഒത്തുപിടിച്ചാൽ മലയും പോരും' എന്നതിനെ ആസ്പദമാക്കി ഒരു കഥയെഴുതുക 5

OR

എന്നെ സ്വാധീനിച്ച വ്യക്തി

*********************************************